തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നാൽപ്പത്തിനാലാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ

**തിരൂർ, 2020 മാർച്ച് 21,**
**രാവിലെ 10.30**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഹെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ഡോ. സി.പി. ചിത്രഭാനു
4. ഡോ. എ.കെ. നമ്പ്യാർ
5. ഡോ. സി. രാജേന്ദ്രൻ
6. ഡോ. സി.പി. അച്യുതനുണ്ണി
7. ഡോ. കെ.കെ.എൻ. കുറുപ്പ്
8. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
9. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു രാവിലെ 10.30 ന് യോഗനടപടികൾ ആരംഭിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2020.01** (1/44)

വിഷയം: **43-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: 2019 ഡിസംബർ 28 ന് ചേർന്ന നാൽപത്തിമൂന്നാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

4/43 - 2016 -ലെ യു.ജി.സി. ശമ്പളം അദ്ധ്യാപകരിൽ നിന്ന് ഓപ്ഷൻ ലഭിക്കുന്ന മുറയ്ക്ക് 2020 ഏപ്രിൽ 1 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

8/43 - ലൈബ്രറിയുടെ പ്രവർത്തനസമയത്തിൽ ക്രമീകരണം ആവശ്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ഓൺലൈൻ സേവനങ്ങളുടെ ഉപയോഗം, അവരുടെ ലൈബ്രറിയിലുള്ള ഹാജർ നില, അകത്തേയ്ക്ക് കയറുമ്പോഴും ഇറങ്ങുമ്പോഴുമുള്ള ഹാജർ രേഖപ്പെടുത്തൽ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ മുഹ്സിൻ കൺവീനറും രജിസ്ട്രാർ, വിദ്യാർത്ഥിക്ഷേമ ഡയറക്ടർ, ശ്രീ ജാബിർമോൻ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

9/43 - സമഗ്ര മലയാള ഓൺലൈൻ നിഘണ്ടു പ്രോജക്ട് സംബന്ധിച്ച് നാൽപ്പത്തിമൂന്നാമത് നിർവാഹകസമിതിയോഗം കൈക്കൊണ്ടിട്ടുള്ള തീരുമാനം 9/43 (3) -ന്റെ തുടർച്ചയായി താഴെപറയുന്ന ഭാഗം കൂടി കൂട്ടിച്ചേർക്കേണ്ടതാണ്. 'ഇക്കാര്യത്തിൽ സർവകലാശാല സ്വീകരിച്ച നടപടികൾ, ബന്ധപ്പെട്ടവർ സമർപ്പിച്ച വിശദീകരണങ്ങൾ, അതിൽ സ്റ്റാന്റിങ് കോൺസൽ നൽകിയ നിയമോപദേശം എന്നിവ അടുത്ത നിർവാഹകസമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.'

---

ഇനം നമ്പർ: **2020.02** (2/44)

വിഷയം: **മുൻതീരുമാനങ്ങളിലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

---

ഇനം നമ്പർ: **2020.03** (3/44)

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു. (**അനുബന്ധം -1**)

---

ഇനം നമ്പർ: **2020.04** (4/44)

വിഷയം: **2020-21 ലെ വാർഷിക ബജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2020-21 ലെ വാർഷിക ബജറ്റ് ചർച്ചകൾക്കു ശേഷം അംഗീകരിച്ച് പൊതുസഭയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു.

(ധനകാര്യവിഭാഗം)

---

ഇനം നമ്പർ: **2020.05** (5/44)

വിഷയം: **ഫാക്കൽറ്റി ഉപദേശകസമിതികളുടെ ശുപാർശകൾ സംബന്ധിച്ച്**

തീരുമാനം: സാഹിത്യം - പൈതൃകപഠനം - കലാഫാക്കൽറ്റി എന്നീ ഉപദേശകസമിതികളുടെ നിർദ്ദേശങ്ങളും ശുപാർശകളും അംഗീകരിച്ചു. (**അനുബന്ധം-2**). സർവകലാശാലാ നിയമം അദ്ധ്യായം III അനുച്ഛേദം 22 (1) ൽ (i), (iv) എന്നീ ക്രമത്തിൽ യഥാക്രമം പറഞ്ഞിട്ടുള്ള

മലയാള ഭാഷാ പഠന ഫാക്കൽറ്റി
പൈതൃക പഠന ഫാക്കൽറ്റി - എന്നിവയുടെ സ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭാഷാശാസ്ത്ര ഫാക്കൽറ്റിയും സംസ്കാരപൈതൃകപഠന ഫാക്കൽറ്റിയും നിയമാനുസൃതമല്ലാത്തതിനാൽ വ്യവസ്ഥാപിതമായി മലയാള ഭാഷാ പഠന ഫാക്കൽറ്റി, പൈതൃക പഠന ഫാക്കൽറ്റി എന്നിവ രൂപീകരിക്കുവാൻ തീരുമാനിച്ചു.

നിലവിലുണ്ടായിരുന്ന മേൽപ്പറഞ്ഞ രണ്ട് ഫാക്കൽറ്റികൾക്ക് കീഴിൽ ഇതുവരെ (2018 - 19 അക്കാദമിക വർഷം വരെ) നൽകിയിട്ടുള്ള ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികളുടെ ഉത്തമ താൽപര്യങ്ങൾ കണക്കിലെടുത്ത് സർവകലാശാലാ സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം വാങ്ങിച്ച് ആവശ്യമായ നടപടികൾ എടുക്കാൻ വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തി.

അക്കാദമിക് കൗൺസിലിന്റെ നിർദ്ദേശം അംഗീകരിച്ച് സർവകലാശാലയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള 6 ഫാക്കൽറ്റികൾക്ക് കീഴിൽ 10 സ്കൂളുകളും അതിന് കീഴിൽ വിവിധ കോഴ്സുകളും എന്ന രീതിയിൽ താഴെപറയുന്ന ക്രമത്തിൽ അക്കാദമികപദ്ധതികൾ പുനഃക്രമീകരിച്ച് പൊതുസഭയുടെ പരിഗണനയ്ക്ക് വെയ്ക്കാനും തീരുമാനിച്ചു.

| | | |
|---|---|---|
| ഫാക്കൽറ്റി | → | ഡീൻ |
| ↓ | | ↓ |
| പഠനാലയം | → | പഠനാലയ ഡയറക്ടർ |
| ↓ | | ↓ |
| കോഴ്സുകൾ | → | അദ്ധ്യാപകർ |

(2081/എ1/2018/അക്കാദമികം - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.06** (6/44)

വിഷയം: **ഇരുപത്തിമൂന്നാമത് പണ്ഡിതസഭയുടെ ശുപാർശകളും തീരുമാനങ്ങളും അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു. (**അനുബന്ധം**-3)

---

ഇനം നമ്പർ: **2020.07** (7/44)

വിഷയം: **ശ്രീ എം.ടി. വാസുദേവൻ നായരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പ്രഥമ എമെറിറ്റസ് പ്രൊഫസറായി നിയമിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ശ്രീ എം.ടി. വാസുദേവൻ നായരെ മലയാളസർവകലാശാലയുടെ പ്രഥമ എമെറിറ്റസ് പ്രൊഫസറായി നിയമിക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ സൗകര്യാർത്ഥം വർഷത്തിൽ രണ്ടോ മൂന്നോ തവണ പ്രഭാഷണം/പൊതുപരിപാടികൾ സംഘടിപ്പിക്കണമെന്നും അദ്ദേഹത്തിന് യാത്രാബത്തയ്ക്ക് പുറമെ പ്രതിഫലമായി ഒരു പരിപാടിക്ക് 10,000 രൂപ നൽകാവുന്നതാണെന്നും തീരുമാനിച്ചു.

(368/57/ഇ.മെ. പ്രൊഫ/2020/വി.സി. - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.08** (8/44)

വിഷയം: **സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിന്റെ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി കോഴ്സുകൾ ആരംഭിക്കുന്നതിന് സംബന്ധിച്ച്**

തീരുമാനം: വിദഗ്ദ്ധപഠനത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

കമ്മിറ്റി: ഡോ. സി.പി. ചിത്രഭാനു (കൺവീനർ), കലാമണ്ഡലം പ്രഭാകരൻ, ശ്രീ കെ.പി. രാമനുണ്ണി (അംഗങ്ങൾ)

(597/2018/വി.സി - ഭരണവിഭാഗം)

ഇനം നമ്പർ: **2020.09** (9/44)

വിഷയം: **പുനഃസംഘടിപ്പിക്കപ്പെട്ട എം.എ. വികസനപഠനം (തദ്ദേശവികസനം) കോഴ്സിന്റെ തുല്യതാപരീക്ഷാ നടത്തിപ്പ് - സിലബസ് അംഗീകരിക്കൽ - ഫീസ് നിർണയിക്കൽ എന്നിവ സംബന്ധിച്ച്**

തീരുമാനം: എം.എ. വികസനപഠനം (തദ്ദേശവികസനം) പഠനബോർഡ് സമർപ്പിച്ചിട്ടുള്ള സിലബസ് പരിശോധിച്ച് പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

(2346/എ2/2018/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.10** (10/44)

വിഷയം: **പി.എച്ച്.ഡി. പ്രബന്ധങ്ങൾ മലയാളത്തോടൊപ്പം ആംഗലേയഭാഷയിലും തയ്യാറാക്കി മൂല്യനിർണയത്തിന് അയക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അജണ്ടയിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. ആംഗലേയഭാഷയിൽ കൂടി പ്രബന്ധം തയ്യാറാക്കണമെന്ന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ രേഖാമൂലമുള്ള ആവശ്യം പരിഗണിച്ച് വൈസ് ചാൻസലർക്ക് വിവേചനാപൂർവം അനുമതി നൽകാവുന്നതാണ്. എന്നാൽ അത് മൂല്യനിർണ്ണയത്തിന് നൽകേണ്ടതില്ലെന്നും തീരുമാനിച്ചു. മലയാളസർവകലാശാലയുടെ ലക്ഷ്യവും തനിമയും നിലനിർത്താനാകണം. അതിനാൽ മലയാളഭാഷയിൽ സമർപ്പിക്കുന്ന പ്രബന്ധങ്ങൾ മാത്രം മൂല്യനിർണയത്തിന് അയച്ചാൽ മതിയാകുമെന്നും തീരുമാനിച്ചു.

(3055/എ2/2019/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.11** (11/44)

വിഷയം: **2019-20 അദ്ധ്യയനവർഷത്തിൽ പ്രവേശനം നേടിയ എം.ഫിൽ, പിഎച്ച്.ഡി. വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുവാൻ എടുത്തിട്ടുള്ള തീരുമാനത്തിന്റെ സാധൂകരണവും ഏപ്രിൽ മാസം മുതൽ തുടർന്ന് ഫെല്ലോഷിപ്പ് നൽകുന്നതും സംബന്ധിച്ച്**

തീരുമാനം: എം.ഫിൽ, പിഎച്ച്.ഡി. വിദ്യാർത്ഥികൾക്ക് 2020 ജനുവരി മുതൽ യഥാക്രമം 2500, 5500 രൂപ വീതം പ്രതിമാസം ഫെല്ലോഷിപ്പിനത്തിൽ നൽകി വരുന്ന നടപടി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടരാവുന്നതാണ്. ഫെല്ലോഷിപ്പ് വർദ്ധിപ്പിച്ച് തുടർന്ന് നൽകാൻ ആവശ്യമായത്ര ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് കത്ത് എഴുതണമെന്നും തീരുമാനിച്ചു.

(115/പിഎച്ച്.ഡി/എ4/2020 - ഭരണവിഭാഗം)

ഇനം നമ്പർ: **2020.12** (12/44)

വിഷയം: **എം.എൻ. സത്യാർത്ഥിയുടെ പേരിൽ ചെയർ സ്ഥാപിക്കുന്നത് സംബന്ധിച്ചു പഠിച്ച ഉപസമിതിയുടെ റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഉപസമിതി റിപ്പോർട്ട് തള്ളിക്കൊണ്ട് ചെയർ സ്ഥാപിക്കുന്നതിന് പണ്ഡിത സഭ കൈക്കൊണ്ട തീരുമാനം അംഗീകരിച്ചു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും കലയ്ക്കും വിലപ്പെട്ട സംഭാവന നൽകിയ മൺമറഞ്ഞ മഹാന്മാരുടെ പേരിൽ സ്ഥാപിക്കുന്ന ചെയറിന്റെ മാനദണ്ഡം, ബൈലോയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ എന്നിവ പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. അക്കാദമിക ചെയറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് മലയാളസർവകലാശാല പ്രഥമസ്റ്റാറ്റ്യൂട്ട് 2019 ലെ അദ്ധ്യായം 22 ലെ വ്യവസ്ഥകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയോട് നിർദ്ദേശിക്കാവുന്നതാണ്.

(2781/2019/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.13** (13/44)

വിഷയം: **ഗുണ്ടർട്ട് ചെയർ ഹോൾഡറായ ഡോ. ടി. അനിതകുമാരിയുടെ ജർമ്മൻയാത്ര സംബന്ധിച്ചുള്ള തീരുമാനം എടുത്തു അറിയിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 1. യാത്രാനുമതി നൽകുവാനും ജർമനിയിൽ താമസിക്കുന്ന കാലയളവിൽ പ്രതിദിനം 60 ഡോളർ വീതം നൽകുവാനും തീരുമാനിച്ചു.

2. കരാർ തുടരണമെന്നും തീരുമാനിച്ചു. മറ്റ് കാര്യങ്ങൾ നിയമാനുസൃതം നിശ്ചയിക്കാവുന്നതുമാണ്.

(720/2019/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.14** (14/44)

വിഷയം: **സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 40 അദ്ധ്യാപക തസ്തികകൾ നിർവാഹകസമിതിയുടെ അധികാരം ഉപയോഗിച്ച് സൃഷ്ടിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 1. സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 5- പ്രൊഫസർ, 10 - അസോസിയേറ്റ് പ്രൊഫസർ, 25 - അസിസ്റ്റന്റ് പ്രൊഫസർ എന്നീ 40 അദ്ധ്യാപക തസ്തികകൾ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമം, 2013 ലെ 15 (2) എച്ച് വകുപ്പനുസരിച്ച് സൃഷ്ടിക്കുവാൻ തീരുമാനിച്ചു. **(അനുബന്ധം -4)**

2. ഇപ്രകാരം സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകൾ അക്കാദമിക് കൗൺസിലിന്റെ ശുപാർശകൾ അംഗീകരിച്ച് നിയമാനുസരണം സർവകലാശാലയുടെ വിവിധ ഫാക്കൽറ്റികൾക്കു കീഴിൽ രൂപീകരിക്കുന്ന പഠന സ്കൂളുകളിൽ താഴെ കൊടുത്തിട്ടുള്ളതു പ്രകാരം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ച് പൊതുസഭയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു.

| ഫാക്കൽറ്റികളും പഠനവിഭാഗങ്ങളും പുനഃക്രമീകരിച്ച് പഠനസ്കൂളുകൾ സ്ഥാപിച്ച് 40 അദ്ധ്യാപക തസ്തികകൾ ഏർപ്പെടുത്തുന്നതിന് നിർവാഹകസമിതി അംഗീകരിച്ച് പൊതുസഭയിൽ അവതരിപ്പിക്കുന്ന നിർദ്ദേശം | | | | |
|---|---|---|---|---|
| | ഫാക്കൽറ്റി / സ്കൂൾ | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ |
| I | **മലയാള ഭാഷാ പഠന ഫാക്കൽറ്റി** | | | |
| | 1. ഭാഷാശാസ്ത്ര സ്കൂൾ | 1 | 1 | 3 |
| II | **സാഹിത്യഫാക്കൽറ്റി** | | | |
| | 1. സാഹിത്യപഠന സ്കൂൾ | 1 | 1 | 3 |
| | 2 സാഹിത്യരചന സ്കൂൾ | | 1 | 3 |
| | 3. എഴുത്തച്ഛൻ പഠനകേന്ദ്രം | 1 | | |
| III | **പൈതൃകപഠന ഫാക്കൽറ്റി** | | | |
| | 1. സംസ്കാരപൈതൃകപഠന സ്കൂൾ | 1 | 1 | 2 |
| IV | **മാധ്യമപഠന ഫാക്കൽറ്റി** | | | |
| | 1. മാധ്യമപഠന സ്കൂൾ | 1 | 1 | 3 |
| | 2. ചലച്ചിത്രപഠന സ്കൂൾ | | 1 | 2 |
| V | **സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി** | | | |
| | 1. സോഷ്യോളജി സ്കൂൾ | | 1 | 2 |
| | 2. തദ്ദേശവികസനപഠന സ്കൂൾ | | 1 | 2 |
| | 3. ചരിത്രപഠന സ്കൂൾ | | 1 | 3 |
| VI | **പരിസ്ഥിതിപഠനഫാക്കൽറ്റി** | | | |
| | 1. പരിസ്ഥിതിപഠന സ്കൂൾ | | 1 | 2 |
| | **ആകെ** | **5** | **10** | **25** |

3. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് 2019 നിലവിൽ വന്ന സാഹചര്യത്തിൽ, പ്രൊഫസർ / അസോസിയേറ്റ് പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ തസ്തികകകളിലേക്ക് അപേക്ഷ ക്ഷണിച്ച് 22.07.16 ന് സർവകലാശാല ഇറക്കിയ വിജ്ഞാപനം പ്രകാരം, നിയമനം നടന്നതൊഴികെ വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന അദ്ധ്യാപക തസ്തികകളുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിജ്ഞാപനം ഇതിനാൽ റദ്ദു ചെയ്യുവാനും തീരുമാനിച്ചു.

(117/2015/വി.സി./വാല്യം-2 - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.15** (15/44)

വിഷയം: **സർവകലാശാലകൾ കോളേജുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെയും മറ്റു അക്കാദമിക ഉദ്യോഗസ്ഥരുടെയും നിയമനത്തിനുള്ള മിനിമം യോഗ്യതകളും ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവാരം പരിരക്ഷിക്കുന്നതിനായി യു.**

**ജി.സി. 18.07.2018 ന് ഇറക്കിയ നമ്പർ: F1.2/2017/(EC/PS) വിജ്ഞാപനപ്രകാരമുള്ള, 'യു.ജി.സി റെഗുലേഷൻസ് 2018' ഉം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിലെ സ്കൂളുകൾ/ വകുപ്പുകളിലെ അദ്ധ്യാപകരുടേയും മറ്റ് അക്കാദമിക ജീവനക്കാരുടേയും നിയമനം, കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത, ശമ്പളസ്കെയിൽ, പ്രവൃത്തിപരിചയം, നിയമനരീതി, കരിയർ അഡ്വാൻസ്മെന്റ് പദ്ധതി (CAS) എന്നിവ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ റെഗുലേഷൻസ് (വിജ്ഞാപനം F1-2/2017 EC/PS തീയതി 18.07.2018) തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകളുടെ ശമ്പളസ്കെയിൽ സംബന്ധിച്ചുള്ള ഓർഡിനൻസ്**

1. **അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ:**

സർവകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകൾക്ക് ബാധകമായ ശമ്പളസ്കെയിൽ താഴെകൊടുക്കുന്നു.

യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ അതത് കാലത്ത് നിശ്ചയിക്കുന്ന വർദ്ധിപ്പിച്ച ശമ്പളത്തിന് അദ്ധ്യാപകർ അർഹരായിരിക്കും.

| ക്രമ നം | തസ്തിക | ശമ്പളസ്കെയിൽ |
|---|---|---|
| 1. | അസിസ്റ്റന്റ് പ്രൊഫസർ | 37400–67000 + AGP 6000 |
| 2. | അസോസിയേറ്റ്പ്രൊഫസർ | 67000–79000 + AGP 9000 |
| 3. | പ്രൊഫസർ | 67000–79000 + AGP10000 |

2. **വേതനവർദ്ധനവ് (ഇൻക്രിമെന്റ്):**

ഓരോ ശമ്പളസ്കെയിലിനും നിർവാഹകസമിതി അംഗീകാരത്തിനു വിധേയമായി നിശ്ചിത നിരക്കിലുള്ള വേതനവർദ്ധനവ് (ഇൻക്രിമെന്റ്) ഉണ്ടായിരിക്കുന്നതാണ്.

(2969/2019/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.16** (16/44)

വിഷയം: **രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച്**

തീരുമാനം: (1) രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമത്തിന്റേയും പ്രഥമ സ്റ്റാറ്റ്യൂട്ട് 2019 ന്റെയും വ്യവസ്ഥകളും യു.ജി.സി. റെഗുലേഷനും പാലിച്ച് പൊതുവിജ്ഞാപനം വഴി നിയമനം നടത്തുവാൻ തീരുമാനിച്ചു.

(2) രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികളുടെ നിയമനം, ശമ്പള സ്കെയിൽ, വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം, നിയമനാധികാരി, നിയമനരീതി എന്നിവ വ്യവസ്ഥ ചെയ്യുന്ന ഓർഡിനൻസിന്റെ നിർദ്ദേശം അംഗീകരിച്ച് അവ പൊതുസഭയുടെ പരിഗണനയ്ക്ക് അവതരിപ്പിക്കാനും തീരുമാനിച്ചു. (**അനുബന്ധം-6)**
(316/2017/വി.സി. - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.17** (17/44)

വിഷയം: **ഒഴിഞ്ഞുകിടക്കുന്ന രണ്ടു പ്രൊഫസർ തസ്തികകളിൽ ഒരെണ്ണം ഷിഫ്റ്റ് ചെയ്ത് എഴുത്തച്ഛൻ പഠനകേന്ദ്രത്തിൽ സ്ഥാപിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച്**

തീരുമാനം: വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം (സ.ഉ.(എം.എസ്.) നം 282/2013/ഉ.വി.വ തീയതി : 15.06.13, സ.ഉ.(സാധാ) നം 1354/2016/ഉ.വി.വ തീയതി : 23.05.16, സ.ഉ.(എം.എസ്.) നം 746/2014/ഉ.വി.വ. തീയതി : 29.08.14) അനുവദിച്ച 40 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ - 5, അസോസിയേറ്റ് പ്രൊഫസർ - 10, അസിസ്റ്റന്റ് പ്രൊഫസർ - 25) നിയമാനുസൃതമായി സൃഷ്ടിച്ച് വിവിധ ഫാക്കൽറ്റികൾക്ക് കീഴിൽ സ്ഥാപിക്കാൻ 2020.14 പ്രകാരം നിർവാഹകസമിതി തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ പ്രൊഫസർ തസ്തിക ഷിഫ്റ്റ് ചെയ്യുന്ന വിഷയം അജണ്ടയിൽ നിന്നും പിൻവലിച്ചതായി യോഗാദ്ധ്യക്ഷനായ വൈസ് ചാൻസലർ അറിയിച്ചു.
(117/2015/വി.സി./വാല്യം-2 - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.18** (18/44)

വിഷയം: **കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കമ്പ്യൂട്ടർ പ്രോഗ്രാമർ ശ്രീ അർജുൻ കെ.ബി. ജോലിയിൽ നിന്ന് വിടുതൽ വാങ്ങിയതിനെ തുടർന്ന് ശ്രീ അഭിലാഷ് കെ.എസ്. നെ താൽകാലികമായി നിയമിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ശ്രദ്ധിച്ചു.
(1117/2018/എ1/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.19** (19/44)

വിഷയം: **സർവകലാശാലയുടെ വിവിധ കാര്യാലയങ്ങളിൽ ജോലി ചെയ്യുന്ന ഏതാനും ജീവനക്കാരെ ജോലിയിൽ നിന്നും ഒന്ന്/രണ്ട് ദിവസത്തെ ഇടവേള നൽകിയ ശേഷം പുതുതായി വീണ്ടും ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനും 2020 ഏപ്രിൽ 1 മുതൽ സർക്കാർ ഉത്തരവ് (സർക്കാർ ഉത്തരവ് : അച്ചടി നമ്പർ 81/2019/ധന തീയതി 9.7.2019) അനുസരിച്ച് വേതനം പുതുക്കി നൽകുന്നതിനുമുള്ള തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കികൊണ്ടുള്ള വൈസ് ചാൻസലറുടെ ഉത്തരവ് റിപ്പോർട്ട് ചെയ്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: (1) തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാൻ തീരുമാനിച്ചു.

(2) (എ) സർവകലാശാലാ ഭരണവിഭാഗം, വൈസ് ചാൻസലറുടെ ഓഫീസ്, ഫിനാൻസ്, പരീക്ഷാവിഭാഗം, പ്രസിദ്ധീകരണവിഭാഗം, ലൈബ്രറി, പൈതൃക മ്യൂസിയം, പബ്ലിക് റിലേഷൻസ്, വൈസ് ചാൻസലറുടെ ഔദ്യോഗികവസതി എന്നീ വിഭാഗങ്ങളിലെ ദൈനംദിന ജോലികൾ നിർവഹിക്കുന്നതിനായി കരാർ വ്യവസ്ഥയിൽ ഒരു വർഷക്കാലത്തേക്ക് താൽക്കാലികമായി നിയോഗിക്കപ്പെട്ട ഇപ്പോഴും സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ സേവനം ഉടനടി അവസാനിപ്പിച്ച് ഇവർക്ക് രണ്ട് ദിവസത്തെ ഇടവേള നൽകിയ ശേഷം കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്കോ എംപ്ലോയ്മെന്റ് / പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതു വരേയ്ക്കോ ഏതാണോ ആദ്യം അതുവരെ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

(ബി) 09.07.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 81/2019/ധന ഉത്തരവ് പ്രകാരം പുതുക്കിയ വേതന നിരക്ക് പുതുതായി കരാറിൽ ഏർപ്പെട്ട് നിയോഗിക്കുന്ന ജീവനക്കാർക്ക് ബാധകമാക്കുവാനും തീരുമാനിച്ചു.

(സി) മേൽ തീരുമാനം (2)(എ) പ്രകാരം കരാറിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ തസ്തികകളുടെ പുനഃക്രമീകരണം, തസ്തികകളുടെ സഞ്ചിതവേതനം, എന്നിവ സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

(ഡി) സർവകലാശാല / സർക്കാർ സർവീസിൽ നിന്നും വിരമിച്ച ശേഷം കരാർവ്യവസ്ഥയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പുനഃനിയമനം സംബന്ധിച്ചുള്ള വിഷയം അടുത്ത നിർവാഹകസമിതി യോഗത്തിന്റെ പരിഗണനയ്ക്ക് വേണ്ടി മാറ്റിവെച്ചു.

(3) ശുചീകരണം / പാചക / തോട്ട / മേട്രൺ ജോലിക്ക് ദിവസവേതന കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനുള്ള ഒരു പാനൽ തയ്യാറാക്കുവാൻ തീരുമാനിച്ചു. ഇതിനായി സർവകലാശാല വെബ്സൈറ്റിലൂടെ അറിയിപ്പ് നൽകി, അപേക്ഷ സ്വീകരിച്ച് പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുവാൻ തീരുമാനിച്ചു.

(4) സെക്യൂരിറ്റി ഗാർഡുമാരുടെ നിയമനത്തിനുള്ള പാനൽ തയ്യാറാക്കുന്നതിന് ജില്ല സൈനിക ബോർഡിലേക്ക് കത്ത് എഴുതി പട്ടിക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

(316/2019/എ1/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.20** (20/44)

വിഷയം: **തിരുവനന്തപുരത്ത് വാഹനമിടിച്ച് അകാലത്തിൽ മരണപ്പെട്ട സിറാജ് പത്രത്തിന്റെ ലേഖകൻ ബഷീറിന്റെ സഹധർമിണി ശ്രീമതി ജസീല സി.ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർവകലാശാലയിൽ നിയമനം നൽകുന്നതിനുവേണ്ടി ഒരു അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകിയ പ്രകാരം ഒരു അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് അവർക്ക് നിയമനം നൽകികൊണ്ട് വൈസ് ചാൻസലർ എടുത്ത തീരുമാനം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: വൈസ് ചാൻസലറുടെ നടപടി അംഗീകരിച്ചു.

(98/എ1/2020/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2020.21** (21/44)

വിഷയം: **ക്ലാസിക്കൽ മലയാളം സെന്റർ അനുവദിച്ച് കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം എടുത്തിട്ടുള്ള തീരുമാനവും അതിലേക്കുള്ള നിയമന അപേക്ഷയും സംബന്ധിച്ചുള്ള റിപ്പോർട്ട്**

തീരുമാനം: ശ്രദ്ധിച്ചു.

(957/2018/വി.സി. - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.22** (22/44)

വിഷയം: **2020-21 അദ്ധ്യയനവർഷത്തെ ബിരുദാനന്തരബിരുദകോഴ്സുകളിലേക്കുള്ള പ്രവേശനപ്പരീക്ഷാ നടത്തിപ്പും പ്രവേശനനടപടിക്രമങ്ങളും തീരുമാനിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2020-21 അക്കാദമിക വർഷത്തെ ബിരുദാനന്തരബിരുദ കോഴ്സുകളുടെ പ്രവേശനനടപടിക്രമങ്ങളിൽ തീരുമാനം കൈക്കൊള്ളാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. ബി.എ. / ബി.എസ്.സി. / ബി.കോം. പാസായ വിദ്യാർത്ഥികൾക്കേ പ്രവേശനം നൽകാൻ പാടുള്ളുവെന്ന് തീരുമാനിച്ചു.

(125/2019/ജനറൽ/പി.വി. - പരീക്ഷാവിഭാഗം)

---

ഇനം നമ്പർ: **2020.23** (23/44)

വിഷയം: **എം.എ. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അനുമതിയും സാമ്പത്തിക സഹായവും നൽകുന്നതു സംബന്ധിച്ച്**

തീരുമാനം: എം.എ. തദ്ദേശവികസനപഠനം വിദ്യാർത്ഥികൾക്ക് ഐ.ആർ.ടി.സി.യിൽ ഇന്റേൺഷിപ്പിന് പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുവാൻ തീരുമാനിച്ചു. ഓരോ വിദ്യാർത്ഥിക്കും വേണ്ടി മൊത്തം ചെലവഴിക്കേണ്ടി വരുന്ന തുകയുടെ 40% സർവകലാശാലയും 60% വിദ്യാർത്ഥി സ്വന്തമായും വഹിക്കണം. ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയതിനാൽ ഇവർക്ക് ഇനിമേൽ പഠനയാത്ര അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. അടുത്ത അക്കാദമിക വർഷത്തെ പ്രവേശനം മുതൽ വിദ്യാർത്ഥികളിൽ നിന്നും ഇന്റേൺഷിപ്പിന് പ്രത്യേക ഫീസ് നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

(1605/2018/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.24** (24/44)

വിഷയം: **എം.എസ്.സി. പരിസ്ഥിതിപഠനം ലബോറട്ടറി സൗകര്യം സംബന്ധിച്ച്**

തീരുമാനം: എം.എസ്.സി. പരിസ്ഥിതിപഠനവിദ്യാർത്ഥികൾക്ക് കാലിക്കറ്റ് സർവകലാശാലയിലെ ലബോറട്ടറി സൗകര്യം താൽകാലികമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ധാരണാപത്രം തയ്യാറാക്കി ഒപ്പുവെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. 2020 അക്കാദമിക വർഷം മുതൽ ലബോറട്ടറി ഫീസ് നിശ്ചയിച്ച് പ്രവേശനസമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു. പ്രായോഗികപരീക്ഷ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കിയ സാഹചര്യത്തിൽ പരിസ്ഥിതിപഠനവിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനയാത്ര ഒഴിവാക്കേണ്ടതാണെന്നും തീരുമാനിച്ചു.

(94/2019/എ1/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2020.25** (25/44)

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ ടോട്ടൽ സൊലുഷൻ പ്രൊവൈഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) യെ ഏൽപിക്കുന്നതിനും മേൽപ്രവർത്തികൾക്ക് സമർപ്പിക്കപ്പെട്ട 86,51,724 രൂപയുടെ പ്രൊപ്പോസൽ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും**

തീരുമാനം: ടോട്ടൽ സൊലൂഷൻ പ്രൊവൈഡറായ (TSP) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) മലയാളസർവകലാശാലയിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ഏറ്റെടുത്ത് നിർവഹിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള 86,51,724 രൂപയുടെ കരാർ അംഗീകരിച്ച് പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. (**അനുബന്ധം -7**)

(2177/2019/ഫിൻ - ധനകാര്യവിഭാഗം)

---

ഇനം നമ്പർ: **2020.26**

വിഷയം: **സർവകലാശാലാ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ കെട്ടിടസമുച്ചയം പണിയുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതടക്കമുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി തൃശ്ശൂർ അയ്യന്തോൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോസ്റ്റ് ഫോർഡ് (COSTFORD) നെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതടക്കമുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയും മേൽനോട്ട ചുമതലയും കോസ്റ്റ് ഫോർഡി (COSTFORD) നെ ഏൽപിക്കുവാൻ തീരുമാനിച്ചു.

(457/60/കാമ്പസ് ഡവപ്മെന്റ്/2020/വി.സി. - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.27**

വിഷയം: **നിർവാഹകസമിതി അംഗങ്ങളുടെ സിറ്റിങ് ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ സിറ്റിങ് ഫീസ് 1000 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിക്കുവാനുള്ള ധനകാര്യസമിതി യോഗത്തിന്റെ ശുപാർശ അംഗീകരിച്ചു. (**അനുബന്ധം -8**)

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്